## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5302 — 25/10/2011-ൽ മറുപടിയ്ക്ക്

**മൈക്രോബയോളജി തസ്തിക**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ :** | | **ശ്രീ. പി.കെ.അബ്ദുറബ്ബ്** (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പാലക്കാട് കൊഴിഞ്ഞാംപാറ ഗവൺമെന്റ് കോളേജിൽ മൈക്രോബയോളജിയിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്നതിനായി അങ്കമാലി കാലടി, നിലീശ്വരം കരയിൽ ഐക്കുളത്ത് വീട്ടിൽ ഐ.കെ.നാരായണൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | | ശ്രീ.ഐ.കെ.നാരായണന്റെ അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പാലക്കാട് കൊഴിഞ്ഞാംപാറ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ മൈക്രോബയോളജിയിൽ 2 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊഴിഞ്ഞാംപാറ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ മൈക്രോബയോളജിയിൽ 2 ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുവാൻ തീരുമാനമെടുക്കുകയും ഇക്കാര്യം കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ